നമ്പർ: എ 1627/2019

ജില്ലാതല ഐ.സി.ഡി.എസ്.സെൽ,
തൃശ്ശൂർ, തിയ്യതി : 10.10.2019
ഫോൺ : 0487 2321689
E-Mail ID : pothrissur@gmail.com

പ്രോഗ്രാം ഓഫീസർ,
ജില്ലാതല ഐ.സി.ഡി.എസ്.സെൽ,
തൃശ്ശൂർ.

ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ
തൃശ്ശൂർ

സർ,

വിഷയം:- വനിത ശിശു വികസന വകുപ്പ് - പ്രോഗ്രാം ഓഫീസ്, തൃശ്ശൂർ - നാഷണൽ ന്യൂട്രിഷൻ മിഷൻ - പോഷൺ അഭിയാൻ - സമ്പുഷ്ട കേരള പദ്ധതി - പോഷൻ മാ ജില്ലാ തല പരിപാടി ആചരിക്കുന്നത് സംബന്ധിച്ച്.

സൂചന :- വനിതാ ശിശു വികസന ഡയറക്ടറുടെ 09/2019ലെ WCD/NNM 2/207061/19 നം കത്ത്.

വനിതകൾ, കൗമാരപ്രായക്കാർ, ശിശുക്കൾ എന്നിവരിലെ പോഷകാഹാരകുറവ് പരിഹരിക്കുന്നതിനു വേണ്ടി സമ്പുഷ്ട കേരള പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുകയാണ്. വിവിധ വകുപ്പുകളുടെ പൂർണ്ണമായ പങ്കാളിത്തത്തോടെയുള്ള ഈ പദ്ധതി നടപ്പിലാക്കുന്നത് അങ്കണവാടികളിലൂടേയാണ്. കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിന്റെ ധനസഹായത്തോടെയുള്ള ന്യൂട്രിഷൻ മിഷൻ അഥവാ പോഷന് അഭിയാൻ പദ്ധതിയാണ് കേരളത്തിൽ സമ്പുഷ്ടകേരളം എന്ന പേരിൽ നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി 2019 സെപ്തംബർ 17 മുതൽ ഒക്ടോബർ 16 വരെ പോഷൻ മാ ആചരിക്കുന്നതിന് നിർദ്ദേശമുണ്ട്. പോഷൺ മാ ആചരണത്തിന്റെ തൃശ്ശൂർ ജില്ലാതല പരിപാടി ഒക്ടോബർ 16 ന് തൃശ്ശൂർ ടൗൺ ഹാളിൽ വെച്ച് രാവിലെ 10 മണി മുതൽ നടത്തപ്പെടുന്നു. ഈ പരിപാടിയോടനുബന്ധിച്ച് കുട്ടികളിലെ വിളർച്ച കണ്ടുപിടിക്കുന്നതിന് അനീമിയ സ്ക്രീനിംഗ് ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ട്. മേൽ സാഹചര്യത്തിൽ താങ്കളുടെ കീഴ്കാര്യാലയങ്ങളിലെ വിദ്യാർത്ഥികളെ പ്രസ്തുത പരിപാടിയിൽ പങ്കെടുപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് താൽപര്യപ്പെടുന്നു.

AS/PDL/19 Dt. 15/10/19
1) Govt Boys HSS Thrissur
2) Govt Girls HSS Thrissur
3) CMS HS, Thrissur
4) Sacred Heart HS, Thrissur
5) Holy Family HS, Thrissur
6) Model HSS Thrissur
എന്നീ സ്കൂളുകൾ പങ്കെടുക്കണം

Office of The Programme Officer District Level ICDS Cell Thrissur 680 020

വിശ്വസ്തതയോടെ

(ഒപ്പ്)

പ്രോഗ്രാം ഓഫീസർ
ജില്ലാ തല ഐ.സി.ഡി.എസ്. സെൽ
തൃശ്ശൂർ.